## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1989 7/07/2015-ൽ മറുപടിക്ക്
## പുതുതായി നൽകിയ ഗാർഹിക കാർഷിക കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നൽകിയ ഗാർഹിക കാർഷിക കണക്ഷനുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) 30/04/2015-ലെ കണക്കുകൾ പ്രകാരം 9,06,469 ഗാർഹിക കണക്ഷനുകളും 47,465 കാർഷിക കണക്ഷനുകളും നൽകിയിട്ടുണ്ട്. |
| (ബി) ഇതു മൂലം വൈദ്യുതി ഉപഭോഗത്തിൽ എത്ര ശതമാനം വർധനവ് ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) 31/03/2011-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് കീഴിലുള്ള ഗാർഹിക ഉപഭക്തോക്കളുടെ ആകെ ഉപഭോഗം 6877.83 ദശലക്ഷം യൂണിറ്റും 31/03/2015-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനു കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം 9355.312 ദശലക്ഷം യൂണിറ്റും ആയിരുന്നു. പ്രസ്തുത കാലയളവിൽ കാർഷിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം 231.56 ദശലക്ഷം യൂണിറ്റും 31/03/2015-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ആകെ ഉപഭോഗം 291.70 ദശലക്ഷം യൂണിറ്റും ആയിരുന്നു. അതായത് 2011-12 മുതൽ 2014-15 വരെയുള്ള നാലുവർഷ കാലയളവിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിൽ 36 ശതമാനം വർദ്ധനവും കാർഷിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിൽ 26 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (സി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നിരക്കുകൾ വിശദമാക്കാമോ ? | (സി) കേരള സംസ്ഥാനത്തിൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്